## 15 -ാം കേരള നിയമസഭ

## 9 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1372** **11-09-2023 - ൽ മറുപടിയ്ക്ക്**

## കൃഷ്ണപുരം മാമ്പ്രകുന്നേൽ റെയിൽവേ ഓവർ ബ്രിഡ്ജിന്റെ നിർമ്മാണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി യു പ്രതിഭ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്**<br>**(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | കായംകുളം മണ്ഡലത്തിൽ കിഫ്ബി ഫണ്ട് വിനിയോഗിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് അനുമതി ലഭിച്ച കൃഷ്ണപുരം മാമ്പ്രകുന്നേൽ റെയിൽവേ ഓവർ ബ്രിഡ്ജിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളുടെ പുരോഗതി വിശദമാക്കാമോ? | (എ) | ആലപ്പുഴ ജില്ലയിൽ കായംകുളത്തെ കൃഷ്ണപുരം മാമ്പ്രകുന്നേൽ റെയിൽ മേൽപ്പാലം നിർമ്മാണത്തിന് കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി പൊതുമരാമത്ത് വകുപ്പിൽ നിന്നും ഭരണാനുമതി നൽകി ആർ.ബി.ഡി.സി.കെ-യെ എസ്.പി.വി ആയി നിയമിച്ചിട്ടുള്ളതും കിഫ്ബി ഉത്തരവു പ്രകാരം 31.211 കോടി രൂപ അനുവദിച്ചിട്ടുള്ളതുമാണ്. ഇതിനായി കൃഷ്ണപുരം വില്ലേജിലെ വിവിധ സർവ്വേനമ്പറുകളിലായി 1.0840 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിന് റവന്യൂ വകുപ്പിൽ നിന്നും അനുമതി നൽകിയിട്ടുണ്ട്. 24/12/2018-ൽ ഭൂമി ഏറ്റെടുക്കുന്നതിന് അർത്ഥനാപത്രം ആലപ്പുഴ ജില്ലാ കളക്ടർക്ക് സമർപ്പിക്കുകയും 28/11/2022 ന് സ്വകാര്യ വ്യക്തികളിൽ നിന്നുമുള്ള മുഴുവൻ ഭൂമിയും കായംകുളം കിഫ്ബി സ്പെഷ്യൽ തഹസിൽദാർ ഏറ്റെടുത്ത് കൈമാറിയിട്ടുള്ളതുമാണ്.<br><br>കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രത്തിന്റെ കൈവശമുള്ള 5.9 ആർ പാട്ടഭൂമിയും കൃഷ്ണപുരം വില്ലേജ് ഓഫീസിന്റെ കൈവശമുള്ള ഭൂമിയിൽ നിന്നും 13 ചതുരശ്രമീറ്റർ ഭൂമിയും പൊതുമരാമത്ത് വകുപ്പിന്റെ പേരിൽ ഭൂമികൈമാറ്റം മുഖേന ലഭിക്കുന്നതിനുള്ള നടപടികൾ ജില്ലാ കളക്ടറുടെ ഓഫീസിൽ നിന്നും സ്വീകരിച്ചു വരുന്നു. റെയിൽവേ ജി.എ.ഡി.യുടെ അംഗീകാരം 09/11/2022 ൽ റെയിൽവേയിൽ നിന്നും ലഭ്യമായിട്ടുണ്ട്. ഏറ്റെടുത്ത ഭൂമിയിലെ കെട്ടിടങ്ങൾ പൂർണ്ണമായി പൊളിച്ചു മാറ്റിയിട്ടുള്ളതും മരങ്ങൾ മുറിച്ച് മാറ്റിയിട്ടുള്ളതുമാണ്. നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് മുന്നോടിയായി ടെണ്ടർ നടപടികൾ |

| | | | | |
|---|---|---|---|---|
| | | | | സ്വീകരിക്കുന്നതിനാവശ്യമായ പ്രാഥമിക നടപടികൾ ആർ.ബി.ഡി.സി.കെ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ